**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1701 04/12/2015-ൽ മറുപടിയ്ക്ക്

# മണ്ണ്-ജലസംരക്ഷണ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.ഡി.സതീശൻ**<br>**,, അൻവർ സാദത്ത്**<br>**,, കെ.ശിവദാസൻ നായർ**<br>**,, പി.എ.മാധവൻ** | | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) മണ്ണ്-ജല സംരക്ഷണ പദ്ധതികൾ എല്ലാ ജില്ലകളിലും നടപ്പാക്കാനായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം എന്നിവയുടെ സംരക്ഷണവും പരിപാലനവും വഴി കൃഷിക്കുള്ള അടിസ്ഥാന സൗകര്യവികസനം മെച്ചപ്പെടുത്തുകയും വെള്ളപ്പൊക്കവും കാർഷികവരൾച്ചയും പരിമിതപ്പെടുത്തുവാനും കാർഷികോല്പാദനം വർദ്ധിപ്പിക്കുവാനും **ആർ.ഐ.ഡി.എഫ്** പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നു. നിലവിൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി RIDF XIV മുതൽ XX വരെയുള്ള ഘട്ടങ്ങളിൽ ഉൾപ്പെടുന്ന 151 പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുകയും, പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി പുരോഗമിച്ചു വരികയും ചെയ്യുന്നു. 2015-16 സാമ്പത്തിക വർഷം 12.63 കോടി രൂപ ചെലവഴിച്ച് 4879 ഹെക്ടർ ഭൂമിയിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഉരുൾപൊട്ടൽ ബാധിത/സാദ്ധ്യതയുള്ള 500 ഹെക്ടർ പ്രദേശത്ത് 345 ലക്ഷം രൂപയുടെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളും വകുപ്പ് മുഖേന 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം സംസ്ഥാനത്ത് കൃഷിനാശം സംഭവിച്ചതും സംഭവിക്കാൻ സാദ്ധ്യതയുള്ള-തുമായ പ്രദേശങ്ങളിൽ ശാസ്ത്രീയമായി മണ്ണു-ജല സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഈ പദ്ധതി ആവശ്യാനുസരണം വിവിധ ജില്ലകളിൽ നടപ്പാക്കിവരുന്നു. നാളിതുവരെ 225.1 ലക്ഷം രൂപ ചെലവഴിച്ച് 654 ഹെക്ടർ പ്രദേശം സംരക്ഷിച്ചിട്ടുണ്ട്.

| | |
|---|---|
| സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) RIDF XXI-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി 76.45 കോടി രൂപയുടെ 43 പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഉരുൾപൊട്ടൽ ബാധിത/സാദ്ധ്യതയുള്ള പ്രദേശങ്ങളുടെ സംരക്ഷണത്തിനായി 951 ലക്ഷം രൂപയുടെ പദ്ധതികൾ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. അടുത്ത ബഡ്ജറ്റിൽ തുക ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ